# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.491** **24.01.2018-ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി യുടെ അനന്തര ഫലങ്ങൾ

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസ കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പ്രതീക്ഷിച്ചിരുന്ന വരുമാനം ലഭിച്ചില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി)<br>&<br>(സി) | നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന കൈവരിക്കാൻ സാധിച്ചിട്ടില്ല. ചരക്ക സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണ ഘടനാ പരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ |
| (സി) | സംസ്ഥാനത്തിന് ലാഭം ലഭിക്കുന്നതോടൊപ്പം ജനങ്ങൾക്ക് അമിതഭാരം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. കറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തി യിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതി നുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ടെക്സ്റ്റയിൽസ്, മാർജിൻ ഫ്രീ മാർക്കറ്റുകൾ, ഹോട്ടലുകൾ, ജുവെലറികൾ, പെയിന്റ് ഷോപ്പുകൾ, ഇരുമ്പു കടകൾ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അമിതമായ ചാർജ്ജ് ഈടാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) | പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**